**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** **11-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ടെത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ടെത്താനും തെരഞ്ഞെടുക്കാനും കേന്ദ്രീകൃതമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വിവിധ സേവനങ്ങൾക്കായി ഒരു യൂണിഫൈഡ് രജിസ്ട്രി (ഏകീകൃത വിവര സംവിധാനം) സജ്ജമാക്കുന്നതിനുള്ള പദ്ധതി പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | ഓരോ വകുപ്പിലേയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനായി വകുപ്പുകൾ വെവ്വേറെ നടപടികൾ സ്വീകരിക്കുന്നതിന് പകരം കേന്ദ്രീകൃത സംവിധാനം തിരിച്ചറിയുന്നതിന് കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | പദ്ധതികളെയും ഗുണഭോക്താക്കളെയും കണ്ടെത്തി ടി സംവിധാനത്തിൽ കൊണ്ടുവരുന്നതിലൂടെ സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണം പറ്റുന്ന എല്ലാ ഗുണഭോക്താക്കളെയും കണ്ടെത്താനും ഇതുവഴി അർഹതയില്ലാതെ ആനുകൂല്യംപറ്റുന്ന ആൾക്കാരെ കണ്ടെത്താനും കഴിയും. ഈ സംവിധാനം Rebuild Kerala Initiative, ധനകാര്യം, വിവര സാങ്കേതികവിദ്യ വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ഇതിനായി 34.32 കോടി ചെലവിൽ അനുബന്ധ സോഫ്റ്റ് വെയർ, ഹാർഡ് വെയർ മാനവ വിഭവശേഷി എന്നിവയുൾപ്പെടെ ഒരു "ആധാർ വാൾട്ട്" സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സാങ്കേതിക സംവിധാനം പദ്ധതിയുമായി ബന്ധപ്പെട്ട ഡാറ്റ ശേഖരണം, ഡാറ്റയുടെ നിയമപരമായ ഉടമസ്ഥത എന്നിവയും ഇലക്ട്രോണിക്സ് & ഐടി വകുപ്പിൽ നിക്ഷിപ്തമാണ്. ഇതിനായി വിവരസാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ടെക്ക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഒരു പദ്ധതിയിലും ഉൾപ്പെടാത്തവരെ കണ്ടെത്തുന്നതിനും അർഹതയില്ലാത്തവർ ആനുകൂല്യങ്ങൾ നേടുന്നത് തടയുന്നതിനും വേണ്ടി വിവര ശേഖരണം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | പദ്ധതികളെയും ഗുണഭോക്താക്കളെയും കണ്ടെത്തി ടി സംവിധാനത്തിൽ കൊണ്ടുവരുന്നതിലൂടെ സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണം പറ്റുന്ന എല്ലാ ഗുണഭോക്താക്കളെയും കണ്ടെത്താനും ഇതുവഴി അർഹതയില്ലാതെ ആനുകൂല്യംപറ്റുന്ന |

| | | | |
|---|---|---|---|
| | | | ആൾക്കാരെ കണ്ടെത്താനും കഴിയും. ഈ സംവിധാനം Rebuild Kerala Initiative, ധനകാര്യം, വിവര സാങ്കേതികവിദ്യ വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ഇതിനായി 34.32 കോടി ചെലവിൽ അനുബന്ധ സോഫ്റ്റ് വെയർ, ഹാർഡ് വെയർ മാനവ വിഭവശേഷി എന്നിവയുൾപ്പെടെ ഒരു “ആധാർ വാൾട്ട്” സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സാങ്കേതിക സംവിധാനം പദ്ധതിയുമായി ബന്ധപ്പെട്ട ഡാറ്റ ശേഖരണം, ഡാറ്റയുടെ നിയമപരമായ ഉടമസ്ഥത എന്നിവയും ഇലക്ട്രോണിക്സ് & ഐടി വകുപ്പിൽ നിക്ഷിപ്തമാണ്. ഇതിനായി വിവരസാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ടെക്ക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ